പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1588 — 5.12.2014-ൽ മറുപടിക്ക്

## ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിൽ, ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി (ജൻറം) പ്രകാരം എത്ര ബസുകൾ വാങ്ങിയിട്ടുണ്ട് ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ? | (എ) | കേരളത്തിൽ, ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി (ജൻറം) പ്രകാരം 80 എ സി ലോ ഫ്ളോർ ബസുകളും 240 നോൺ എ സി ലോഫ്ളോർ ബസുകളും വാങ്ങിയിട്ടുണ്ട്. ഇതിനായി 127.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കൊല്ലം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ജൻറം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊല്ലം നഗരത്തെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ജൻറം പദ്ധതിയുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് 400 ബസുകൾ വാങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പദ്ധതിയിൽ കൊല്ലം നഗരവും ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലം ആലപ്പുഴ എന്നീ രണ്ട് നഗരങ്ങൾ ഉൾപ്പെടുന്ന ക്ലസ്റ്ററിന് 48 കോടി രൂപ അടങ്കലിൽ 30 എ സി ബസുകളും 70 നോൺ എ സി ബസുകളുമാണ് അനുവദിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കുമോ ? | സി) | കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിക്കായി തുക ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് ബസ് സപ്ലൈ ചെയ്ത വകയിലെ ബാലൻസ് പേയ്മെന്റ് ഇനത്തിൽ 4.64 കോടി രൂപ ചെലവായിട്ടുണ്ട്. 2008-2009 മുതൽ 2012-13 വരെ അനുവദിച്ച തുകയിലെ നീക്കിയിരുപ്പിൽ നിന്നുമാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ